ആവശ്യപ്പെട്ടുകൊണ്ട് 2010 ഒക്ടോബർ 12-ന് സർക്കാർ അവർക്ക് കത്തയച്ചിരുന്നു. പക്ഷേ 21-10-2010-ലെ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ മറുപടി കത്തിൽ വിഴിഞ്ഞം പദ്ധതിയുമായി സഹകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരത്തിനായി ശുപാർശ ഡയറക്ടർ ബോർഡിൽ സമർപ്പിക്കുമെന്നും കൂടാതെ ഒരു ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള കാര്യവും ഒപ്പം അംഗീകാരത്തിനായി സമർപ്പിക്കുമെന്നും പറഞ്ഞിരുന്നു. ഡയറക്ടർ ബോർഡിന്റെ അംഗീകാരം കിട്ടിയതിനുശേഷം ഗവൺമെന്റ് പ്രതിനിധികളുമായി വിശദമായി ചർച്ച ചെയ്യാമെന്നാണ് അറിയിച്ചിരുന്നത്. അതിനുശേഷം ബോർഡ് കൂടിയതായുള്ള അറിയിപ്പോ പദ്ധതിയുമായി സഹകരിക്കുന്നതിനുള്ള താല്പര്യമോ അറിയിച്ചിട്ടില്ല.

(എഫ്) ചർച്ച നടത്തിയിരുന്നു. എങ്കിലും തുടർനടപടികളുമായി മുന്നോട്ടു പോകാൻ കഴിഞ്ഞില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനം

141 (207) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി അനുവദിച്ച 450 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഫാസ്റ്റ് ട്രാക്ക് രീതിയിൽ എത്ര ഏക്കർ സ്ഥലം ഇതുവരെ ഏറ്റെടുക്കാനായി, ഈ ആവശ്യത്തിന് ഇനിയും എത്ര ഏക്കർ സ്ഥലം കൂടി വേണ്ടിവരും ;

(ഡി) തുറമുഖ ഭാഗത്തേക്ക് റെയിൽവേ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) ഇവിടത്തെ വൈദ്യുതി ലഭ്യതയ്ക്കായി നിലവിലുള്ള 66 കെ.വി.ലൈൻ 220 കെ. വി. ലൈനായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ;

(എഫ്) ഇവിടെ ശുദ്ധജല വിതരണം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ നടത്താനായി എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

1. 4 (1) നോട്ടിഫിക്കേഷൻ നൽകിയ 86 ഹെക്ടർ ഭൂമിയിൽ റോഡ് കണക്ടിവിറ്റി, ബാക്കപ്പ്, ട്രക് ടെർമിനൽ എന്നിവയ്ക്ക് ആവശ്യമായ .46 ഹെക്ടർ ഭൂമിയുടെ വില ഫാസ്റ്റ് ട്രാക് പദ്ധതി പ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഡി.എൽ.പി.സി, വസ്തു ഉടമകളുമായി ചർച്ച ചെയ്തു നിർണ്ണയം നടത്തിയശേഷം രജിസ്ട്രേഷൻ നടന്നുവരുന്നു. വെയർഹൗസിംഗിനായി നോട്ടിഫൈ ചെയ്ത 40 ഹെക്ടർ ഭൂമിയുടെ സർവ്വെ പൂർത്തിയായിവരുന്നു.

2. തുറമുഖത്തു നിന്ന് തിരുവനന്തപുരം-നാഗർകോവിൽ BG Line-ൽ ബാലരാമപുരം വരെയുള്ള 10 കി.മീ. ദൂരം വരുന്ന റെയിൽ പാതയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചു.

3. തുറമുഖ പദ്ധതിയെ NH-47 ബൈപാസുമായി ബന്ധിപ്പിക്കുന്ന 2 കി.മീ. ദൂരം വരുന്ന 4 വരി പാതയുടെ DPR തയ്യാറാക്കിവരുന്നു.

4. തുറമുഖ പദ്ധതിക്കു വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി നിലവിലെ 66 കെ.വി. 220 കെ.വി. ആയി ഉയർത്തുന്ന നടപടി KSEB സ്വീകരിച്ചുവരുന്നു.

5. തുറമുഖത്തിനാവശ്യമായ ശുദ്ധജലം വെള്ളായണി കായലിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ കേരള വാട്ടർ അതോറിറ്റി (KWA) വിലയിരുത്തി. Contract award ചെയ്യുന്ന നടപടികൾ നടന്നു വരുന്നു.

(ബി) ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും VISL-ൽ ഉള്ള നീക്കിയിരുപ്പിൽ നിന്നും ആവശ്യമായി വരുന്ന തുക ചെലവഴിച്ചുവരുന്നു.

(സി) ഫാസ്റ്റ് ട്രാക്ക് രീതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഡി) റൈറ്റ്സ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനം നടത്തിയ ഫീസിബിലിറ്റി സ്റ്റഡി പ്രകാരം നൽകിയ റിപ്പോർട്ട്, കോഡൽ ചാർജ്ജ് ആയ 1 കോടി 10 ലക്ഷം രൂപ അടക്കം സതേൺ റെയിൽവേയുടെ ചെന്നൈ ചീഫ് ട്രാഫിക് പ്ലാനിംഗ് മാനേജർ (CTPM)-ന് സമർപ്പിക്കുകയും ആവശ്യമായ മാറ്റങ്ങൾ റൈറ്റ്സ്വഴി നടത്തിയശേഷം 10 കി.മി. ദൂരംവരുന്ന പ്രസ്തുത റെയിൽപാതയ്ക്ക് തത്വത്തിൽ CTPM അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ സാങ്കേതിക പഠനം തിരുവനന്തപുരം DRM നടത്തിവരുന്നു. റെയിൽ സൈഡിംഗിന്റെ നിർമ്മാണത്തിനും, നിർമ്മാണ മേൽനോട്ടം എന്നിവയ്ക്കുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ RVNL-നെ engage ചെയ്യുന്നകാര്യം സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുറമുഖ പദ്ധതിക്കു വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി നിലവിലെ 66 കെ.. വി. 220 കെ. വി. ആയി ഉയർത്തുന്ന നടപടി KSEB നടപ്പിലാക്കിവരുന്നു.

(എഫ്) തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്നതിലേക്കായി KWA ടെണ്ടർ ക്ഷണിക്കുകയും, മൂന്ന് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടറുകളുടെ പരിശോധന KWA നടത്തിവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താല്പര്യ പത്രം

142 (208) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. .ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താൽപര്യപത്രം (Expression of Interest) എന്നാണ് പ്രസിദ്ധീകരിച്ചത് ;

(ബി) ഈ പദ്ധതിയുടെ വികസന പങ്കാളിത്തത്തിന് ഇതുവരെ ഏതൊക്കെ കമ്പനികളാണ് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം വികസന പങ്കാളിത്തം അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിക്കുകയുണ്ടായി ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി അർഹരായ വികസന പങ്കാളികളെ എന്നത്തേക്ക് തെരഞ്ഞെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താൽപര്യ പത്രം (EoI) 5-7-2010-ൽ പ്രസിദ്ധീകരിച്ചു.

(ബി) കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അടുത്ത നടപടിയായ യോഗ്യത നിർണ്ണയത്തിനുള്ള ബിഡ് ക്ഷണിക്കുകയും തുടർ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

(ഡി) തുറമുഖ പദ്ധതിയുടെ ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്ന പ്രക്രിയ മാർച്ച് 2011-ൽ പൂർത്തിയാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

143 (209) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മദർ പോർട്ട് നിർമ്മാണം അനിശ്ചിതമായി നീണ്ടു പോകുന്നത് എന്തൊക്കെ കാരണങ്ങളാലാണെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly